ഉത്തരം

(എ) ടൈബൽ ഹൈവേയ്ക്കുവേണ്ടി അപേക്ഷകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല.

(ബി)ഉത്തരം (എ)-യുടെ വെളിച്ചത്തിൽ ബാധകമല്ല.

സാമൂഹ്യ വനവൽക്കരണ പദ്ധതി

228 (1933) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ അഴിമതി നടക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; ആയത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തൈകൾ നട്ടുവെന്നും അവയുടെ ഓരോ ഘട്ടത്തിലെയും പരിചരണത്തിനായി എന്ത് തുക ചെലവായെന്നുമുള്ള വിശദവിവരം നല്കുമോ ?

ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ അഴിമതി നടക്കുന്നതായി പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉൽപ്പാദിപ്പിച്ച തൈകൾ വിവിധ സ്കീമുകളിലായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, സംഘടനകൾ തുടങ്ങിയവർ മുഖേന നട്ട് പരിപാലിക്കുന്നതിലേക്കായി 6974558 വിവിധയിനം തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ഉല്പാദനത്തിനും പരിചരണത്തിനും മറ്റുമായി 594.11 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly